പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1337 06-02-2020 -ൽ മറുപടിക്ക്

## ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.സി.ജോസഫ് | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടാകുന്ന പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ പ്രാദേശിക തലത്തിൽ, ദുരന്തപ്രതിരോധ സംവിധാനം രൂപീകരിക്കുവാൻ "നമ്മൾ നമുക്കായി" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ: | എ) | രൂപീകരിച്ചിട്ടുണ്ട്. ദുരന്തമുഖത്തെ അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിനുതകുന്ന തരത്തിൽ സംസ്ഥാനത്തെ എല്ലാ ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട്. അവരുടെ അറിവും ആശയങ്ങളും ഉൾക്കൊണ്ടുകൊണ്ട് തികച്ചും ജനകീയവും പ്രായോഗികവുമായി രീതിയിൽ "നമ്മൾ നമുക്കായി" എന്ന പേരിൽ ഒരു ജനപങ്കാളിത്ത ക്യാമ്പയിൻ [റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (ആർ.കെ.ഐ)] തുടക്കം കുറിച്ചിട്ടുണ്ട്. ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ്, ദുരന്ത മാനേജ്മെന്റ് എന്നീ മേഖലകളിൽ ജനകീയ പങ്കാളിത്തത്തോടെ പ്രാദേശികമായി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പാക്കുന്നതിനായി സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>പ്രസ്തുത ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതിനായി കില(കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ), തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നാല് ഘട്ടങ്ങളിലായി പരിശീലനം നൽകുകയുണ്ടായി. അഞ്ചാം ഘട്ടം നടന്നുകൊണ്ടിരിക്കുന്നു. ഒന്നാം ഘട്ടത്തിൽ സ്റ്റിയറിംഗ് കമ്മിറ്റി & ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനവും രണ്ടാം ഘട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള 20 പേരടങ്ങുന്ന റിസോഴ്സ് ടീമിനും (LRG), മൂന്നാം ഘട്ടത്തിൽ മറ്റ് വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സൺ. |

| | | | |
|---|---|---|---|
| | | | വൈസ് ചെയർപേഴ്സൺ, കൺവീനർ എന്നിവർക്കും നാലാം ഘട്ടത്തിൽ പ്ലാൻ ക്ലാർക്കുമാർക്കും പരിശീലനം നൽകി. അഞ്ചാം ഘട്ടത്തിൽ ഒരു വാർഡിൽ നിന്നും 20 റിസോഴ്സ് ടീമിന് പരിശീലനം നൽകി വരുന്നു. |
| ബി) | വാർഡ് തലത്തിൽ ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിനായി പ്രത്യേക ഗ്രാമസഭ ചേരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | ബി) | 2020-2021 വാർഷിക പദ്ധതി രൂപീകരണ ഗ്രാമസഭയിൽ ഇതിനായുള്ള പ്ലാനുകൾ വിശേഷാലായി ചർച്ച ചെയ്യണമെന്നും പ്രത്യേക വികസന സെമിനാർ ചേർന്ന് ചർച്ച ചെയ്യേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | ജനങ്ങളിൽ നിന്നും ദുരന്ത നിവാരണത്തിന് ലഭിക്കുന്ന ആശയങ്ങൾ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | സി) | ഉണ്ട്. |
| ഡി) | ദുരന്ത പ്രതിരോധ സംവിധാനത്തിനായി എന്തെങ്കിലും പ്രത്യേക നിയമനിർമ്മാണം നടത്തേണ്ടതുണ്ടോ; എങ്കിൽ അതിനായുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | ഡി) | ദുരന്ത പ്രതിരോധ പ്രവർത്തനത്തിന് കേന്ദ്ര ദുരന്ത നിവാരണ നിയമം 2005 ആണ് ബാധകമായിട്ടുള്ളത്. പ്രസ്തുത നിയമത്തിൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള നടപടികൾ മാത്രമേ ഇക്കാര്യത്തിൽ നടത്താൻ കഴിയുകയുള്ളൂ. സംസ്ഥാനത്ത് ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് നിയമ നിർമ്മാണം നടത്താൻ കഴിയുകയില്ല. |

(signature)

സെക്ഷൻ ഓഫീസർ